# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 806** — **11.03.2015- ൽ മറുപടി.**

## ആരോഗ്യ സർവ്വകലാശാല നടത്തിപ്പിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാല തുടങ്ങിയതു മുതൽ നാളിതുവരെ, നടത്തിപ്പിലെ അപാകതകൾ മൂലം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായതായി ലോക്കൽ ഫണ്ട് ഓഡിറ്റ്, ആരോഗ്യ വകുപ്പ് തുടങ്ങിയവയുടെ അന്വേഷണത്തിൽ കണ്ടെത്തി; വിശദാംശം ലഭ്യമാക്കുമോ?<br><br>(ബി) പ്രസ്തുത നഷ്ടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (എ) & (ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് സർവ്വകലാശാലയുടെ അഫിലിയേഷൻ കാര്യങ്ങളെ സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് നടത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ച കാര്യങ്ങളെപറ്റി യഥാർത്ഥ വസ്തുതകൾ വിവരിച്ചുകൊണ്ട് സർവ്വകലാശാല സർക്കാരിനും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറുപടി സമർപ്പിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ യാതൊരു അപാകതകളും നഷ്ടങ്ങളും ഉണ്ടായിട്ടില്ല. |
| (സി) നിലവിൽ ആരോഗ്യ സർവ്വകലാശാലയിൽ ഏതൊക്കെ ഉദ്യോഗസ്ഥർ സസ്പെൻഷനിലാണ്; സസ്പെൻഷന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) നിലവിൽ സർവ്വകലാശാല രജിസ്ട്രാർ ഡോ. വി.ഐപ്പ് വർഗ്ഗീസ് മാത്രമാണ് സസ്പെൻഷനിൽ ഉള്ളത്. ഉത്തരക്കടലാസ് അച്ചടിയുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങിയതായി ഉയർന്ന ആരോപണത്തെ തുടർന്നാണ് സസ്പെൻഡ് ചെയ്തത്. |
| (ഡി) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ഉൾപ്പെടെയുള്ള തുക എത്ര; നാളിതുവരെ എത്ര തുക ലഭിച്ചു; എത്ര തുക നഷ്ടമായി; നഷ്ടത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (ഡി) ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം ഓരോ വർഷവും നിഷ്കർഷിച്ചിട്ടുള്ള അഫിലിയേഷനുമായി ബന്ധപ്പെട്ട ഫീസുകൾ കോടതികേസുകൾ നിലവിലുള്ളവ ഒഴികെ എല്ലാം ലഭിച്ചിട്ടുണ്ട്. |

(ഇ) ആരോഗ്യ സർവ്വകലാശാലയുടെ നടത്തിപ്പിലെ അപാകതകൾ ഇല്ലാതാക്കാനും സർവ്വകലാശാലയിലെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനും സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

(ഇ) കേരള ആരോഗ്യ സർവ്വകലാശാലയുടെ സുഗമമായ നടത്തിപ്പിനും കുറ്റമറ്റ പ്രവർത്തനങ്ങൾക്കുമായി സർക്കാർ കാലാകാലങ്ങളിൽ നിയമാനുസൃതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെയും മറ്റും കൃത്യമായ പരിശോധനകളും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ